(ബി) ഓരോ പരിപാടിക്കും ചെലവായ തുക എത്രയാണെന്നും ഗുണഭോക്താക്കൾ എത്രയാണെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2012-13, 2013-14 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ, ചെലവാക്കിയ തുക, ഗുണഭോക്താക്കൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. 2014-15-ൽ സംരംഭകത്വ വികസന പരിപാടി, കാപ്പൊലി, കേരളോത്സവം, ഭാരത് ദർശൻ (പട്ടികവർഗ്ഗം), യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ എന്നീ പരിപാടികൾ നടപ്പിലാക്കി വരുന്നു.

(സി) തിരുവനന്തപുരത്ത് യൂത്ത് ഭവൻ നിർമ്മാണവും വയനാട്ടിൽ പനമരത്ത് യൂത്ത് ഭവൻ നിർമ്മാണവും 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും. മുൻവർഷങ്ങളിലെ പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കും പൂർത്തീകരണത്തിനുമാണ് 2015-16 വർഷത്തിൽ മുൻഗണന നൽകുക.

തൃശ്ശൂർ മൃഗശാല

311 (2549) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജ് കാര്യവുമുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോഴേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല. വനം വകുപ്പാണ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. പുത്തൂർ മൃഗശാലയിലെ പണി പൂർത്തിയാകുന്ന മുറയ്ക്ക് തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ മാറ്റുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly